# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7828 23.07.2012 -ൽ മറുപടിയ്ക്ക്**

**ഇ-മെയിൽ/ഫോൺ മുഖേനയുള്ള ആശയ വിനിമയം ശേഖരിക്കൽ നടപടി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ ഇ. പി. ജയരാജൻ | | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏതെങ്കിലും സംഘടനകളോ, വ്യക്തികളോ ഇ-മെയിൽ മുഖേനയോ ഫോൺ മുഖേനയോ നടത്തുന്ന ആശയവിനിമയത്തിന്റെ വിശദാംശങ്ങൾ ശേഖരിക്കുവാൻ ആഭ്യന്തര വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;<br>ബി) ഏത് കേസന്വേഷണത്തിന്റെ ഭാഗമായിട്ട് ഏതെല്ലാം സംഘടനകളുടെയും വ്യക്തികളുടെയും ഇ-മെയിൽ, ഫോൺ ആശയ വിനിമയങ്ങളാണ് ഇത്തരത്തിൽ ശേഖരിച്ചതെന്ന് വ്യക്തമാക്കുമോ ; | (എ) & (ബി) | അതീവരഹസ്യ സ്വഭാവമുള്ളതായതിനാൽ വെളിപ്പെടുത്താൻ നിർവ്വാഹമില്ല. |
| സി) വ്യക്തികളുടെയോ സംഘടനകളുടെയോ ഇ-മെയിൽ മുഖേനയും ഫോൺ മുഖേനയുമുള്ള ആശയ വിനിമയം ശേഖരിക്കുവാൻ നിയമപരമായി എന്തെല്ലാം അധികാരങ്ങളും അവകാശങ്ങളുമാണ് സംസ്ഥാന സർക്കാരിനും അതിനുകീഴിലുള്ള ഏജൻസികൾക്കും ഉള്ളതെന്ന് വ്യക്തമാക്കുമോ ? | (സി) | 1885 – ലെ ഇന്ത്യൻ ടെലഗ്രാഫ് ആക്ടിലെ 5(2) വകുപ്പ് പ്രകാരം പൊതു സുരക്ഷയും അടിയന്തിര സ്ഥിതിയും മുൻനിർത്തി രാജ്യത്തിന്റെ പരമാധികാരം, അഖണ്ഡത, ആഭ്യന്തര സുരക്ഷ, കുറ്റകൃത്യങ്ങൾ തടയൽ, പബ്ലിക് ഓർഡർ മുതലായ കാര്യങ്ങൾ പരിഗണിച്ച് ഇ-മെയിൽ, ഫോൺ എന്നിവ വഴിയുള്ള ആശയ വിനിമയങ്ങൾ പരിശോധിക്കേണ്ടത് അത്യാവശ്യമാണെന്ന് കണ്ടാൽ അതിനായി ചുമതലപ്പെടുത്തിയിരിക്കുന്ന അധികാരിക്ക് പരിശോധനയ്ക്ക് അനുമതി നല്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ